**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4402** **13.11.2019-ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ പദ്ധതികൾ**

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**
**ശ്രീ.എസ്.രാജേന്ദ്രൻ**
**ശ്രീ.പി.വി. അൻവർ**
**ശ്രീ.ബി.ഡി. ദേവസ്സി**

**മറുപടി**

**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തി പോകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | ഉണ്ട്.<br><br>കുടുംബ പ്രശ്നങ്ങൾ, രക്ഷിതാക്കളുടെ താത്പര്യമില്ലായ്മ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭാഷാപരവും സാമൂഹ്യപരവുമായ ഒറ്റപ്പെടൽ എന്നിവയാണ് പട്ടിക വർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ സ്കൂളുകളിൽ നിന്നും ഇടയ്ക്ക് പഠനം നിർത്തിപ്പോകുന്നതിനുള്ള പ്രധാന കാരണങ്ങൾ.<br><br>പ്രധാനമായും വയനാട്, ഇടുക്കി, ജില്ലകളിലാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കണ്ടു വരുന്നത്. എന്നാൽ കൊഴിഞ്ഞുപോക്കിനെ സംബന്ധിക്കുന്ന ശാസ്ത്രീയ പഠനം വകുപ്പ് നടത്തിയിട്ടില്ല. |
| ബി) | എങ്കിൽ ഇപ്രകാരമുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | ബി) | കൊഴിഞ്ഞുപോയ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് മടക്കികൊണ്ട് വരുന്നതിനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കി വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസം നല്ല രീതിയിൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായും പട്ടിക വർഗ്ഗ പ്രൊമോട്ടർമാർ വഴി വ്യാപകമായ ബോധവത്ക്കരണം വകുപ്പ് നടത്തിവരുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നും കുട്ടികളെ വാഹനങ്ങളിൽ സ്കൂളിൽ എത്തിക്കുന്നതിനായി "ഗോത്രസാരഥി" പദ്ധതി നടപ്പാക്കിവരുന്നു. മുടങ്ങാതെ സ്കൂളിൽ എത്തുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 |

| | | | |
|---|---|---|---|
| | | | മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ ഭാഷാ പ്രശ്നം ലഘൂകരിക്കുന്നതിനും, കൊഴിഞ്ഞ്പോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി./ ഡി.എഡ് അല്ലെങ്കിൽ ബി.എഡ് പാസ്സായ അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയായ "ഗോത്രബന്ധു പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷം വയനാട് ജില്ലയിൽ 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയിരുന്നു. എന്നാൽ ഗോത്രബന്ധുപദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞുപോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>പട്ടികവർഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്ന സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കി.<br><br>പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആകെ 500 സാമൂഹ്യ പഠനമുറികൾ സ്ഥാപിക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. അതിൽ 100 സാമൂഹ്യപഠനമുറികൾ 2017-18 സാമ്പത്തികവർഷം നടപ്പിലാക്കിയിട്ടുണ്ട്.<br><br>സാമൂഹ്യപഠനമുറി പദ്ധതി നടപ്പിലാക്കിയതിന് ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തെ സംബന്ധിച്ച് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനും ഹാജർ മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. സ്കൂളിൽ പഠിപ്പിച്ച പാഠ്യഭാഗങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങൾ സാമൂഹ്യപഠനമുറികളിലെ ഫെസിലിറ്റേറ്റർമാർ മുഖേന പരിഹരിക്കുന്നത് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സഹായകരമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിദ്യാലയങ്ങളിൽ നിന്നും പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി നടപ്പിലാക്കിയ ഗോത്രബന്ധു പദ്ധതി കൂടുതൽ പട്ടികവർഗ്ഗ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | പട്ടികവർഗത്തിൽപ്പെട്ട അദ്ധ്യാപകയോഗ്യതയുള്ള യുവതി യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെൻറർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 2017-18 അധ്യയനവർഷം മുതൽ 241 പേരെയും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 21 സർക്കാർ/ എയ്ഡഡ് സ്കൂളുകളിലായി 2018-19 അധ്യയനവർഷം മുതൽ 26 മെൻറർ ടീച്ചർമാരെയും ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുണ്ട്.<br><br>പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.<br><br>സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ഡി) | ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിയ്ക്കുന്നതിന് ആരംഭിച്ച ഗോത്രസാരഥി പദ്ധതിയുടെ വിശദാംശം നൽകുമോ? | ഡി) | വിദൂര കോളനികളിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ലഭ്യമാക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്.<br><br>പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം 2019-20 വർഷം 478 സ്കൂളുകളിലായി 18,306 കുട്ടികൾക്ക് ലഭിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം പട്ടിക വർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ എന്ന ശീർഷകത്തിൽ 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 14,60,00,000/- രൂപ പ്രോജക്റ്റോഫീസിർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ